"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കാസർഗോഡ് നഗരസഭ - 2015-16 വർഷത്തിൽ നടപ്പിലാക്കിയ വനിതാഭവന പുനരുദ്ധാരണ പദ്ധതിയിലെ ക്രമക്കേട് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ വി.സി. 03/2017/കെ.എസ്.ഡി നമ്പർ കേസ് - നഗരസഭ സെക്രട്ടറി ആയിരുന്ന കെ.പി.വിനയന് എതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1302/2025/LSGD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28/05/2020, 16.08.2021 എന്നീ തീയതിയിലെ സി6(വി.സി3/2017/കെ.എസ്.ഡി) 2112/2017 നമ്പർ കത്തും അനുബന്ധ രേഖകളും.
2. 23.01.2025 തീയതിയിലെ ഇയു2/186/2022-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. നഗരസഭ സെക്രട്ടറി ആയിരുന്ന കെ.പി.വിനയന്റെ 19.05.2025 തീയതിയിലെ പ്രതിവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.04.2024, 27.08.2024 എന്നീ തീയതികളിലെ LSGD/PD/40738/2023-VIGE5 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് നഗരസഭയിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ വനിതാഭവന പുനരുദ്ധാരണ പദ്ധതിയിലെ ക്രമക്കേടുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.സി. 03/2017/കെ.എസ്.ഡി നമ്പർ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. അന്വേഷണ റിപ്പോർട്ടിൽ ഒന്ന് മുതൽ ആറ് വരെയുള്ള കുറ്റാരോപിതരിൽ നിലവിൽ സേവനത്തിൽ തുടരുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാനും വിരമിച്ച ഉദ്യോഗസ്ഥർക്കെതിരെ കെ.എസ്.ആർ-ലെ പാർട്ട് -3 റൂൾ 59 പ്രകാരം വകുപ്പുതല നടപടി സ്വീകരിക്കാനും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിരുന്നു.

2. വനിതാഭവന പുനരുദ്ധാരണ പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് മാനദണ്ഡപ്രകാരമല്ല എന്ന് ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ ലഭ്യമായ വാർഡ് സഭാ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നതായും വാർഡ് സഭകൾ യഥാസമയം ചേർന്നിട്ടുണ്ടെന്നും മിനുട്സ് ബുക്കുകളിൽ വാർഡ് സഭാ തീരുമാനങ്ങൾ എഴുതിസൂക്ഷിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതും മാനദണ്ഡ പ്രകാരമാണ് എന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം തൽസമയത്തെ നഗരസഭാ സെക്രട്ടറി ശ്രീ.കെ.പി വിനയൻ എന്നയാൾക്കുണ്ടെന്നും ആയതിൽ ടിയാൻ

ഗുരുതരവീഴ്ച സംഭവിച്ചിട്ടുണ്ടെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

3. തുടർന്ന് ആറാം കുറ്റാരോപിതനായ നഗരസഭ സെക്രട്ടറി ശ്രീ. കെ.പി.വിനയനിൽ നിന്നും വിശദീകരണവും ടി വിശദീകരണത്തിൽ റിപ്പോർട്ടും ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെടുകയും ടിയാന്റെ വിശദീകരണവും റിപ്പോർട്ടും പരിഗണിച്ച് നഗരസഭ സെക്രട്ടറി ആയിരുന്ന മുൻ നഗരസഭ സെക്രട്ടറി ശ്രീ. കെ.പി.വിനയനെതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

4. ശ്രീ. കെ.പി.വിനയൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ, 23.12.2015 ലെ 23-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിർവഹണം നടന്നിട്ടുള്ളതെന്നും എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി മുനിസിപ്പൽ ചെയർമാൻ ഒപ്പുവെച്ച ഗുണഭോക്തൃ ലിസ്റ്റ് നിർവഹിക്കേണ്ട ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർക്ക് കൈമാറുക മാത്രമാണ് സെക്രട്ടറി എന്ന നിലയിൽ ചെയ്തിട്ടുള്ളതെന്നും ഗുണഭോക്തൃ ലിസ്റ്റിൽ അപാകതയുണ്ട് എന്നും അനർഹരെ തെരഞ്ഞെടുത്തിട്ടുണ്ടായിരുന്നു എന്നും എവിടെയും വിജിലൻസ് റിപ്പോർട്ടിൽ പരാമർശമില്ലെന്നും ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാകുന്നത് കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 30(10.11,12) പ്രകാരം മുനിസിപ്പൽ കൗൺസിൽ ആണെന്നും കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50(2) വകുപ്പ് പ്രകാരം ടിയാനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇക്കാര്യത്തിൽ തനിക്ക് ഉണ്ടാകുമായിരുന്ന നിയമപരമായ ചുമതല 12/05/2015 ലെ ജി1/8314/12 നമ്പർ ഉത്തരവ് നടപടികൾ പ്രകാരം അന്നത്തെ കാസറഗോഡ് നഗരസഭ സെക്രട്ടറി യുടെ PA ആയിരുന്ന ശ്രീ.കെ.ശശീന്ദ്രൻ എന്നവർക്ക് രേഖാമൂലം കൈമാറിട്ടുള്ളതായും മേൽ പറഞ്ഞ വിശദീകരണം സ്വീകരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ ഒഴിവാക്കണം എന്നും ശ്രീ. കെ.പി.വിനയൻ പ്രതിവാദ പത്രികയിൽ ആവശ്യപ്പെടുകയുണ്ടായി.

5. പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകാരം വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുക എന്ന ചുമതലയാണ് സെക്രട്ടറിക്കുള്ളതെന്നും ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിൽ അപാകതയുണ്ടെങ്കിൽ ആയതിന് സെക്രട്ടറി പൂർണ്ണ ഉത്തരവാദിയാണെന്ന് കരുതാൻ സാധിക്കുകയില്ലെന്നും വനിത ഭവന പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ആരോപണ വിധേയരായ ജീവനക്കാരുടെ ഭാഗത്ത് നിന്നും പദ്ധതി നിർവഹണ നടപടി ക്രമങ്ങളിൽ വീഴ്ച സംഭവിച്ചതായി കാണുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഗുണഭോക്തൃ അപേക്ഷകളും അനുബന്ധ രേഖകളും അപൂർണ്ണമാണെന്നും എന്നാൽ കുറ്റാരോപിതരായ ജീവനക്കാരോ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളോ തമ്മിൽ സാമ്പത്തിക നേട്ടത്തിന് വേണ്ടി ഗൂഢാലോചന നടത്തിയതായോ സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായോ വെളിവായിട്ടില്ലായെന്നും അനർഹരായവർക്ക് ആനുകൂല്യം നൽകിയതായോ മറ്റ് സാമ്പത്തിക തിരിമറി നടത്തിയതിനോ തെളിവ് ലഭ്യമായിട്ടില്ലായെന്നും വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതുമാണ്. കൂടാതെ അടുത്ത സാമ്പത്തിക വർഷമായ 29-08-2016 ലെ 19 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് ഗുണഭോക്താക്കളെ അധിക പട്ടികയിൽ നിന്നും എടുത്തിട്ടുള്ളതെന്നും എന്നാൽ 22.06.2016 തീയതി ശ്രീ. കെ.പി.വിനയൻ കാസർഗോഡ് നഗരസഭയിൽ നിന്നും വിടുതൽ ചെയ്ത് പോയിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ

റിപ്പോർട്ടിലെ കണ്ടെത്തലുകൾ, നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. കെ.പി.വിനയന്റെ പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കാസർഗോഡ് നഗരസഭയിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ വനിതാഭവന പുനരുദ്ധാരണ പദ്ധതിയിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. കെ.പി.വിനയന്റെ ഭാഗത്തുനിന്നും മേൽനോട്ട വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു.

7. മേൽ സാഹചര്യത്തിൽ കാസർഗോഡ് നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. കെ.പി.വിനയന് എതിരെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാന് ശാസന (Censure) നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. കെ.പി.വിനയൻ, ജോയിന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
വിജിലൻസ് വകുപ്പ്(01.06.2022 തീയതിയിലെ വിജി-ഡി1/472/2021-വിജി നമ്പർ കത്ത് പ്രകാരം)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു2/186/2022-ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 27-05-2025 13:00:52
സെക്ഷൻ ഓഫീസർ